# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം -1297** 12.03.2015- ൽ മറുപടിക്ക്

## കൊല്ലങ്കോട്- പുതുനഗരം റോഡ് ബി.എം. & ബി.സി. ആയി ഉയർത്തുന്നത്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.ചെന്താമരാക്ഷൻ** | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) നെന്മാറ നിയോജക മണ്ഡലത്തിലെ രണ്ട് പ്രധാന സംസ്ഥാന പാതകളെ ബന്ധിപ്പിക്കുന്ന കൊല്ലങ്കോട്- പുതുനഗരം റോഡ് ബി.എം. & ബി.സി.ആയി ഉയർത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് വിവരം ലഭിച്ചിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) പ്രസ്തുത റോഡ് 0/000 മുതൽ 4/700 വരെ ബി.എം. & ബി.സി. ചെയ്യുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാൽ അവശേഷിക്കുന്ന ഭാഗത്തിന് കൂടി ഭരണാനുമതി നൽകി റോഡ് പണി ഒരുമിച്ച് പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) നെന്മാറ നിയോജക മണ്ഡലത്തിലെ കൊല്ലങ്കോട്- പുതുനഗരം റോഡ് കി.മി. 0/000 മുതൽ 5/000 വരെ 300 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയുള്ള ബി.എം. & ബി.സി. പ്രവൃത്തി പുരോഗമിച്ച് വരുന്നു. അവശേഷിക്കുന്ന ഭാഗം കി.മി 5/000 - 8/414 (വർക്കിംഗ് ചെയിനേജ് 4/700- 8/414)ന് പുതുക്കിയ എസ്.ഒ.ആർ (ഡി.എസ്.ആർ-2014) പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ